എന്നിട്ട് ഒരു യോഗം മിനിഞ്ഞാന്ന് നടത്തി. അവിടെ എൻ.ഡി.എഫ്.കാരും കോൺഗ്രസ്സുകാരും ചേർന്നുകൊണ്ട് കരിങ്കൊടിയുംകൊണ്ട് എന്നെ ആക്രമിക്കാൻ വന്നു. അവിടെ ബി.എം.&ബി.സി. ചെയ്യാനായി ഞാൻ ഒരു എസ്റ്റിമേറ്റ് എടുത്ത് മന്ത്രിയുടെ കയ്യിൽ കൊടുത്തു, അതിനെപ്പറ്റി എന്താണ് പറയാനുള്ളത് ?

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, അത് 50-56 കിലോമീറ്റർ വരുന്ന റോഡാണ് എന്നാണ് എന്റെ ധാരണ. 56 കോടി രൂപയെങ്കിലും ആ റോഡിന് ആവശ്യമാണ്. ഫണ്ടിന്റെ ലഭ്യത ഒരു പ്രധാനപ്പെട്ട കാര്യമാണ്. ഏതായാലും ആ പദ്ധതി ഉപേക്ഷിക്കുന്ന പ്രശ്നമില്ല. ഏതെങ്കിലും ഒരു പദ്ധതിയിൽ ഉൾപ്പെടുത്തി ഘട്ടം ഘട്ടമായി അത് ചെയ്യുന്നതാണ്.

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : ....(മൈക്ക് ഓഫ്)... സർ, 19 കോടി രൂപയുടെ കല്ലറ മുതൽ... എസ്റ്റിമേറ്റ് ഞാനാണ് എടുത്തുകൊടുത്തത്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : സർ, എന്തായാലും ആ പദ്ധതി ഉപേക്ഷിക്കുന്ന പ്രശ്നമില്ല. ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി അത് നടപ്പാക്കും.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കോളേജുകളുടെ സ്വയംഭരണ പദവി

3 (*243) ശ്രീ. എം. ഹംസ :
ശ്രീ. എം. എ. ബേബി:
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ എത്ര കോളേജുകളെയാണ് സ്വയംഭരണ പദവിക്കായി നിർദ്ദേശിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം മാനദണ്ഡങ്ങൾ കണക്കിലെടുത്താണ് സ്വയംഭരണ പദവി നൽകുന്നതെന്ന് അറിയിക്കാമോ ;

(സി) വിദഗ്ദ്ധ സമിതിയുടെ മാർക്കും നാക് ഗ്രേഡിംഗ് സ്റ്റാറും ആദ്യം എത്രയായാണ് നിശ്ചയിച്ചിരുന്നത് ;

(ഡി) പിന്നീട് മാറ്റം വരുത്തുകയുണ്ടായോ ; എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ ; മാറ്റം വരുത്തിയതുമൂലം അധികമായി എത്ര കോളേജുകൾ സ്വയംഭരണ പദവിക്ക് അർഹതനേടും എന്നറിയിക്കാമോ ; അവ ഏതെല്ലാം ;

(ഇ) ഇതു സംബന്ധിച്ച സർക്കാർ നടപടിയിൽ ചാൻസലർ കൂടിയായ ഗവർണ്ണർ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി .കെ അബ്ദു റബ്ബ്) : സർ,

(എ) 2 സർക്കാർ കോളേജുകളും 11 എയ്ഡഡ് കോളേജുകളും ഉൾപ്പെടെ 13 കോളേജുകൾക്ക് സ്വയംഭരണപദവി നൽകുന്നതിനായി യു.ജി.സി.ക്ക് അപേക്ഷ സമർപ്പിക്കുന്നതിനാണ് ബന്ധപ്പെട്ട സർവ്വകലാശാലകളോട് നിർദ്ദേശിച്ചിരുന്നത്.

(ബി) നാക്കിന്റെ (NAAC)ന്റെ എ ഗ്രേഡ് അക്രെഡിറ്റേഷൻ നേടിയിരിക്കണം, ബിരുദ ബിരുദാനന്തര അനുപാതം എന്നീ മാനദണ്ഡങ്ങളാണ് സ്വയംഭരണപദവി അനുവദിക്കുന്നതിനു അടിസ്ഥാന യോഗ്യതകളായി പരിഗണിച്ചത്.

(സി&ഡി) വിദഗ്ദ്ധ സമിതിയുടെ മാർക്കും നാക്കിന്റെ ഗ്രേഡിംഗ് സ്റ്റാറും സംബന്ധിച്ച് മുൻകൂട്ടി നിശ്ചയിച്ചിരുന്നില്ല. സ്വയംഭരണാവകാശം നേടുന്നതിനായി അപേക്ഷ സമർപ്പിച്ച കോളേജുകളിൽ നാക്കിന്റെ എ ഗ്രേഡ് നേടുകയും ബിരുദ ബിരുദാനന്തര അനുപാതം പാലിക്കുകയും ചെയ്യുന്ന 28 കോളേജുകളിൽ നേരിട്ട് പരിശോധന നടത്തുന്നതിന് സ്വയംഭരണ അംഗീകാരസമിതി ഉപസമിതിയെ നിയോഗിക്കുകയുണ്ടായി. സ്വയംഭരണ അംഗീകാര സമിതിയുടെ 23-12-2013-ൽ ചേർന്ന യോഗത്തിലാണ് ഉപസമിതിയുടെ പരിശോധനാ റിപ്പോർട്ട് പ്രകാരം 70 മാർക്കിന് മുകളിൽ നേടിയ കോളേജുകളെയും 50-നും 70-നും ഇടയിൽ മാർക്ക് നേടുകയും നാക്ക് (NAAC)-ന്റെ ഗ്രേഡിങ്ങിൽ (Crietrionwise Grade Point Average) 3.5 നു മുകളിൽ അംഗീകാരം ലഭിച്ചിട്ടുള്ള കോളേജുകളും ഉൾപ്പെടെ ആകെ 13 കോളേജുകൾക്ക് സ്വയംഭരണാവകാശം നൽകുന്നതിനായി യു.ജി.സി.യോട് ശിപാർശ ചെയ്യുന്നതിനാണ് തീരുമാനിച്ചത്. രാജഗിരി കോളേജ് ഓഫ് സോഷ്യൽ

LIBRARY ARCHIVES Kerala Legislative Assembly

സയൻസസ്, എറണാകുളം, എം.ഇ.എസ് കോളേജ്, മമ്പാട് എന്നിങ്ങനെ രണ്ടു കോളേജുകളാണ് നാക്ക് (NAAC) ന്റെ ഗ്രേഡിങ്ങിലെ മികവിൽ സ്വയംഭരണ പദവിക്കായി അർഹത നേടിയത്.

(ഇ) ഇല്ല. സ്വയംഭരണപദവിക്കായി ശിപാർശ ചെയ്ത കോളേജുകളുടെ പട്ടികയിൽ ഉൾപ്പെടാത്തതിനാൽ എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ് ഹൈക്കോടതി മുമ്പാകെ റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയുണ്ടായി. പ്രസ്തുത റിട്ട് പെറ്റീഷൻ തീർപ്പാക്കിക്കൊണ്ട് ഇക്കാര്യത്തിൽ കോളേജ് മാനേജർ സമർപ്പിച്ച അപേക്ഷയിന്മേൽ രണ്ടു മാസത്തിനകം ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഹൈക്കോടതി മഹാത്മാഗാന്ധി സർവ്വകലാശാല ചാൻസലർ കൂടിയായ ഗവർണ്ണറോട് നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് ചാൻസലർ കോളേജിന്റെ അപേക്ഷയിന്മേൽ സർക്കാരിന്റെ റിപ്പോർട്ട് ആരാഞ്ഞിട്ടുണ്ടായിരുന്നു. ബഹു. ചാൻസലർ, ഇക്കാര്യത്തിൽ അപ്പീൽ അപേക്ഷ പരിശോധിച്ച് തള്ളി ഉത്തരവായിട്ടുണ്ട്.

വിദ്യാലയങ്ങളിലെ മലയാള ഭാഷാ പഠനം

4 (*244) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിൽ മലയാളഭാഷാപഠനം നിർബന്ധമാക്കിക്കൊണ്ട് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ ഈ ഉത്തരവു സംബന്ധിച്ച വിശദാംശം നൽകാമോ ;

(ബി) മലയാളം മാതൃഭാഷയല്ലാത്ത വിദ്യാർത്ഥികൾക്ക് മലയാളഭാഷ പഠിക്കുവാൻ എന്തെല്ലാം സൗകര്യങ്ങളാണ് വിദ്യാലയങ്ങളിൽ ഒരുക്കിയിട്ടുള്ളതെന്നു വിശദമാക്കുമോ ;

ഇതിനായി സ്കൂളുകളിലെ പീരിയഡുകളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ അബ്ദു റബ്ബ്) : സർ,

(എ) 1-9-2011-ലെ സ.ഉ.(പി)നമ്പർ183/2011/പൊ.വി.പ്രകാരം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാള ഭാഷാപഠനം നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly